(ഡി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും മുകളിലുള്ളവർക്കും റേഷൻ വിതരണത്തിനായി പ്രത്യേക ഗ്രേഡ് തിരിച്ച അരിയാണോ വിതരണം ചെയ്യുന്നത്; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ റേഷൻ കടകളിൽക്കൂടി നല്ലയിനം അരി വിതരണംചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഈയിടെ കൂടിയ എം.പി.മാരുടെ സമ്മേളനത്തിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തുവോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) ചിലപ്പോൾ ചില സ്ഥലങ്ങളിൽ എഫ്.സി.ഐ.യിൽനിന്നും ലഭിക്കുന്ന അരി അത്ര ഗുണനിലവാരമുള്ളതല്ലെന്ന ആക്ഷേപം ഉണ്ടാകാറുണ്ട്;

(ബി) ജില്ലാ സപ്ലൈ ഓഫീസർ, എഫ്.സി.ഐ.യുടെ ജില്ലാ മാനേജർ, ഗുണനിലവാര വിഭാഗം ഉദ്യോഗസ്ഥർ എന്നിവർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്ന അരി മാത്രമാണ് വിതരണത്തിനായി തെരഞ്ഞെടുക്കുന്നത്. സംസ്ഥാനത്ത് വിതരണത്തിനായി ഗുണനിലവാരമുള്ള അരി മാത്രമേ എടുക്കാൻ പാടുള്ളൂവെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉപയോഗശൂന്യമായ അരി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ചിലയിടത്ത് വിതരണം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പരിഹരിക്കാൻ അടിയന്തിര നടപടി എടുത്തിട്ടുണ്ട്.

(ഡി) ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് 'എ' ഗ്രേഡ് അരി മാത്രമാണ് വിതരണം നടത്തുന്നത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കോമൺ അരിയാണ് വിതരണം നടത്തുന്നത്. എന്നാൽ കോമൺ അരി സ്റ്റോക്കില്ലാതെ വരുമ്പോൾ 'എ' ഗ്രേഡ് അരി നൽകിവരുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കോമൺ അരിക്ക് പുറമേ ലഭ്യത അനുസരിച്ച് 'എ' ഗ്രേഡ് അരിയും നൽകാറുണ്ട്.

(ഇ) റേഷൻ കടകളിൽക്കൂടി വിതരണത്തിന് നല്ലയിനം അരി മാത്രമേ തെരഞ്ഞെടുക്കാവൂ എന്ന് ബന്ധപ്പെട്ടവർക്ക് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ സപ്ലൈ ഓഫീസർ, എഫ്.സി.ഐ. ജില്ലാ മാനേജർ, ഗുണനിലവാര വിഭാഗം ഉദ്യോഗസ്ഥർ എന്നിവർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയ അരിയാണ് സാധാരണ വിതരണത്തിനായി തെരഞ്ഞെടുക്കാറുള്ളത്. എം.പി.മാരുടെ സമ്മേളനത്തിൽ ആവശ്യാനുസരണം റേഷൻ വിതരണത്തിനായി നല്ലയിനം അരി ലഭ്യമാക്കണമെന്നും റിലാക്സ്ഡ് സ്പെസിഫിക്കേഷനുള്ള അരി സംസ്ഥാനത്ത് വിതരണത്തിന് നൽകരുതെന്നും കേന്ദ്ര ഗവൺമെന്റിനെ ധരിപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഭക്ഷ്യമന്ത്രി കേന്ദ്ര മന്ത്രിയോട് നല്ല അരിതന്നെ നൽകണമെന്ന് ആഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്ര ഭക്ഷ്യ സെക്രട്ടറിയുമായും ഇക്കാര്യം ഭക്ഷ്യമന്ത്രിയും ഗവൺമെന്റ് സെക്രട്ടറി തുടങ്ങിയവരും ചർച്ച ചെയ്തിട്ടുണ്ട്.

പി.എസ്.സി.യുടെ പ്രവർത്തനം

24 (*170)ശ്രീ. പി. വിശ്വൻ :

ശ്രീ. എ. കണാരൻ :

ശ്രീ. എം.വി. ജയരാജൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആനത്തലവട്ടം ആനന്ദൻ :

ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിനും തെരഞ്ഞെടുപ്പ് ത്വരിതപ്പെടുത്തുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വിവിധ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി.യെ അറിയിക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കപ്പെടുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വിവിധ തസ്തികകളിൽ നിയമനം നടത്തുന്നതിനായി പി.എസ്.സി. പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽനിന്നുള്ള നിയമനങ്ങൾ മന്ദഗതിയിലാണ് നടക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടും നാളിതുവരെ നിയമനം നടത്താത്ത എത്ര റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട്; ഇപ്പോൾ പി.എസ്.സി.യിൽ എത്ര അപേക്ഷകൾ കെട്ടിക്കിടപ്പുണ്ട്;

(എഫ്) കെട്ടിക്കിടക്കുന്ന അപേക്ഷകളിൻമേൽ സമയബന്ധിതമായി തീരുമാനം എടുക്കാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കമ്മീഷന് കോഴിക്കോട്ടും എറണാകുളത്തും കൊല്ലത്തും ഓരോ മേഖലാ ഓഫീസുകൾ അനുവദിച്ചു. പരീക്ഷാസംബന്ധമായ ജോലികൾ ത്വരിതപ്പെടുത്തുന്നതിനായി ഒബ്ജക്ടീവ് മാതൃകയിൽ നടത്തുന്ന പരീക്ഷകളുടെ ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം ചെയ്യുന്നതിനായി ഓപ്റ്റിക്കൽ മാർക്ക് റീഡർ എന്ന കമ്പ്യൂട്ടർ സംവിധാനം സ്ഥാപിച്ചു. പബ്ലിക് സർവ്വീസ് കമ്മീഷൻ ജീവനക്കാർക്ക് സെക്രട്ടേറിയറ്റ് ജീവനക്കാരുമായി പാരിറ്റി തത്വത്തിൽ അംഗീകരിക്കുകയും രണ്ടു ഘട്ടമായി 74 തസ്തികകൾ അനുവദിക്കുകയും ചെയ്തു. ഇപ്രകാരം പുതുതായി നിയമിക്കപ്പെട്ട ജീവനക്കാരുടെ അധിക മാനവശേഷിയും മൂന്ന് മേഖലാ ഓഫീസുകളുടേയും യോജിച്ചുള്ള പ്രവർത്തനവും കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്.

(ബി) വിവിധ തസ്തികകളിലായി കമ്മീഷന് ലഭിക്കുന്ന അപേക്ഷകളുടെ ഗണ്യമായ വർദ്ധനവിന് ആനുപാതികമായി മാനവശേഷിയിൽ ഉണ്ടാകേണ്ട വർദ്ധനവിന്റെ അഭാവവും ആധുനിക സാങ്കേതികവിദ്യയുടെ അഭാവവും തെരഞ്ഞെടുപ്പുകളിലെ കാലതാമസത്തിന് കാരണമാകുന്നു. പബ്ലിക് സർവ്വീസ് കമ്മീഷനിലെ നിലവിലുള്ള കുടിശ്ശിക ജോലികൾ തീർക്കുന്നതിനും സംസ്ഥാന ഓഫീസിലെ റിക്രൂട്ട്മെന്റ് വിഭാഗം കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനും ഉള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. റിക്രൂട്ട്മെന്റ് വിഭാഗം കമ്പ്യൂട്ടർവൽക്കരിക്കുന്നത് സംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പി.എസ്.സി.

LIBRARY ARCHIVES Kerala Legislative Assembly

ഓഫീസിലെ റിക്രൂട്ട്മെന്റ് എക്സാമിനേഷൻ വിഭാഗങ്ങളിൽ അധികതസ്തികകൾ സൃഷ്ടിച്ച് ഉത്തരവുകൾ നൽകിയിട്ടുണ്ട്.

(സി)&(ഡി) വിവിധ വകുപ്പുകളിലും പൊതുമേഖലാസ്ഥാപനങ്ങളിലും ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി.യെ അറിയിക്കണമെന്ന നിർദ്ദേശം പാലിക്കപ്പെടുന്നില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 23.3.99-ന് ചീഫ് സെക്രട്ടറി എല്ലാ വകുപ്പ് തലവൻമാരുടേയും യോഗം വിളിച്ചുകൂട്ടുകയും ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്ന വകുപ്പ് തലവൻമാർക്കെതിരെ കർശന നടപടി കൈക്കൊള്ളുകയാണെന്ന് അറിയിക്കുകയും ചെയ്തു. കൂടാതെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന്റെ ദൈമാസ റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വീഴ്ചവരുത്തിയ വകുപ്പ് തലവൻമാരുടെ പേരിൽ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുവാൻ ബന്ധപ്പെട്ട ഭരണവകുപ്പ് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മിഷനെ എഴുതി അറിയിക്കുന്ന ഒഴിവുകളിലേയ്ക്ക് റാങ്ക് ലിസ്റ്റ് നിലവിലുണ്ടെങ്കിൽ ഉടൻതന്നെ നിയമനശുപാർശ നൽകാറുണ്ട്.

(ഇ) 31.10.99-ലെ കണക്കനുസരിച്ച് 1185 തസ്തികകളിലായി 76,26,246 അപേക്ഷകൾ തെരഞ്ഞെടുപ്പിന്റെ വിവിധ ഘട്ടങ്ങളിലായുണ്ട്. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടും നിയമനം നടത്താത്ത റാങ്ക് ലിസ്റ്റുകളുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

(എഫ്)കമ്മീഷന് മൂന്ന് മേഖലാ ഓഫീസുകൾ അനുവദിക്കുകയും അധിക സ്റ്റാഫിനെ അനുവദിക്കുകയും ഒ.എം.ആർ. എന്ന കമ്പ്യൂട്ടർ സംവിധാനം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ഓഫീസിലെ റിക്രൂട്ട്മെന്റ് വിഭാഗം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതോടുകൂടി തെരഞ്ഞെടുപ്പ് പ്രക്രിയ ത്വരിതപ്പെടുത്തുവാൻ കഴിയുന്നതാണ്.

ആയുർവേദ ആശുപത്രികൾക്ക് മരുന്ന് വിതരണം

25(*171) ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആയുർവേദ ആശുപത്രികൾക്ക് മരുന്ന് വിതരണം ചെയ്യുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ;

(ബി) എത്ര വർഷം മുമ്പ് സ്വീകരിച്ച മാനദണ്ഡമനുസരിച്ചാണ് ഇപ്പോഴും മരുന്നുകൾ വിതരണം ചെയ്യുന്നത് എന്ന് വിശദീകരിക്കുമോ;

(സി) ആയുർവേദ ആശുപത്രികളിൽ രോഗികളുടെ എണ്ണം കൂടുകയും മരുന്നുകളുടെ വില വർദ്ധിക്കുകയും ചെയ്യുമ്പോഴുള്ള പ്രശ്നം പരിഹരിക്കാൻ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോ ആശുപത്രികളിലും വരുന്ന രോഗികളുടെ എണ്ണം കണക്കാക്കി മരുന്ന് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ മരുന്നുവിതരണം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly